GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/08/2026

1) മിത്രനികേതന്റെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് 2026 ഓഗസ്റ്റ് 18 മുതൽ 20 വരെ വെള്ളനാട് മിത്രനികേതൻ കാമ്പസിൽ **"മിത്ര അഗ്രിഫെസ്റ്റ് 2026"** എന്ന പേരിൽ മൂന്ന് ദിവസത്തെ കാർഷിക പ്രദർശന – വിപണന മേള സംഘടിപ്പിക്കുന്നു. 2026 ഓഗസ്റ്റ് 18 ന് വൈകുന്നേരം 3.00 മണിക്ക് വെള്ളനാട് മിത്രനികേതൻ കൃമ്പസിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ: ടി.സിദ്ദിഖ് മിത്ര അഗ്രിഫെസ്റ്റ് 2026" ന്റെ ഉദ്ഘാടനം നിർവ്വഹിക്കും. കൃഷി, മൃഗസംരക്ഷണം, കാർഷിക സംരംഭകത്വം, നൂതന കാർഷിക സാങ്കേതികവിദ്യകൾ എന്നിവയിലെ ഏറ്റവും പുതിയ മാതൃകകളും സാധ്യതകളും പൊതു ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന വേദിയായിരിക്കും ഈ അഗ്രിഫെസ്റ്റ്. **മിത്ര അഗ്രിഫെസ്റ്റ് 2026"** ഭാഗമായി

താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ചുള്ള സൗജന്യ പരിശീലന ക്ലാസ്സുകൾ ആഗസ്റ്റ് 18, 19, 20 എന്നീ തിയ്യതികളിലായി സംഘടിപ്പിക്കുന്നു.

**1) സ്മാർട്ട്ഫോണിലെ എ. ഐ (നിർമ്മിത ബുദ്ധി) സംവിധാനങ്ങൾ കൃഷിക്ക് എങ്ങനെ പ്രയോജനപ്പെടുത്താം**

**2) തേനീച്ച വളർത്തലും തേനിന്റെ മൂല്യ വർദ്ധിത ഉത്പന്നങ്ങളും**

**3) മില്ലറ്റ്, ചക്ക വിഭവങ്ങൾ തയ്യാറാക്കൽ**

**4)ജൈവവള നിർമ്മാണം**

**5) കൂൺ കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും**

**6) ബേക്കറി ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ**

**7) പോട്ടറി പരിശീലനം / ക്ലേ മോഡലിങ്ങ്**

കൂടുതൽ വിവരങ്ങൾക്ക് 8281114470 / 9446701529 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

2) സംസ്ഥാനത്ത് തുടരുന്ന മഴയും പ്രതികൂല കാലാവസ്ഥയെയും തുടർന്നുണ്ടാകുന്ന കാർഷിക വിളനാശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നു. മഴക്കെടുതി മൂലമുണ്ടാകുന്ന കൃഷിനാശം സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് അതാത് ജില്ലകളിലെ കൺട്രോൾ റൂമുകളിൽ അറിയിക്കാവുന്നതാണ്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട അടിയന്തര സഹായങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക നിർദേശങ്ങൾ നൽകുന്നതിനും കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കർഷകർക്ക് കൃഷി വകുപ്പിന്റെ AIMS പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഇതിനായി www.aims.kerala.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും നാശനഷ്ടം സംഭവിച്ച വിളകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട കൃഷിഭവനിലേക്ക് അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ ബന്ധപ്പെട്ട ജില്ലാതല കൺട്രോൾ റൂമുകളിൽ ബന്ധപ്പെടുകയോ ചെയ്യണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു.

ജില്ലയുടെ പേര് ബന്ധപ്പെടേണ്ട നമ്പറുകൾ

1 തിരുവനന്തപുരം 9383470086/ 9383470700

| | | | |
|---|---|---|---|
| 2 | കൊല്ലം | 9383470318/ | 9383470770 |
| 3 | ആലപ്പുഴ | 9383470561/ | 9383471108 |
| 4 | കോട്ടയം i/c | 9383470704/ | 9383471300 |
| 5 | പത്തനംതിട്ട | 9383470499/ | 9383470900 |
| 6 | എറണാകുളം | 9383471150/ | 9383471500 |
| 7 | ഇടുക്കി | 9383470821/ | 9383471400 |
| 8 | തൃശ്ശൂർ | 9383473242/ | 9383471600 |
| 9 | പാലക്കാട് | 9383471457/ | 9383471700 |
| 10 | മലപ്പുറം | 9383471618 / | 9383471800 |
| 11 | കോഴിക്കോട് | 9383471779/ | 9383471900 |
| 12 | വയനാട് | 9383471912/ | 9383472442 |
| 13 | കണ്ണൂർ | 9383472028/ | 9383472300 |
| 14 | കാസർഗോഡ് | 9383471961/ | 9383472400 |

3) കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററിൽ വെച്ച് 20.08.2026 തീയതിയിൽ **'കൂൺ കൃഷി'** എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8547070773, 0487 2370773 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് സമയത്ത് 19.08.2026 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക.

4) നാളികേര വികസന ബോർഡ് നടപ്പാക്കുന്ന **തെങ്ങ് പുതുക്കൃഷി പദ്ധതിയിൽ** ഗുണഭോക്താക്കൾക്കുള്ള സഹായധനം വർധിപ്പിച്ചു. തെങ്ങിൻതൈ ഒന്നിന് ഇനിമുതൽ 350 രൂപവരെ ധനസഹായം ലഭിക്കും. പരമാവധി രണ്ടു ഹെക്ടറിനു കൃഷിയിടങ്ങളിൽ തുറസായ സ്ഥലത്ത് പുതിയ തെങ്ങിൻ തൈകൾ ശാസ്ത്രീയമായി നട്ട് കൃഷി വ്യാപിപ്പിക്കുന്നതാണ് പദ്ധതി. ഒരു ഹെക്ടറിൽ പുതുക്കൃഷിക്ക് 56,000 രൂപ വരെ സഹായധനം ലഭിക്കും. കുറഞ്ഞത് 20 സെന്റ് സ്ഥലത്ത് 10 തെങ്ങിൻതൈകളെങ്കിലും പുതുതായി നടുന്നവർക്കും സഹായധനത്തിന് അർഹതയുണ്ട്. തൈകൾ നട്ടതിനുശേഷം നിർദിഷ്ട ഫോമിൽ അതത് കൃഷിഭവൻ മുഖേന അപേക്ഷ സമർപ്പിക്കണം. പദ്ധതികളുടെ വിശദവിവരങ്ങളും

അപേക്ഷാഫോമുകളും നാളികേര വികസന ബോർഡിന്റെ https://coconutboard.gov.in/ വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 23777266, 0484 23777267 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5, കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രം, 2026 ആഗസ്റ്റ് 20,21 തിയ്യതികളിലെ ആട് വളർത്തൽ പരീശീലന ക്ലാസിലെക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു . കൂടുതൽ വിവരങ്ങൾക്ക് 9388464383 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

6 കേരള വെറ്ററിനറി യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം, മണ്ണുത്തി പരീശീലനകേന്ദ്രത്തിൽ വെച്ച് 18.08.2026 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന **ആട് ഫാമിങ്ങ്-ഭാവിയുടെ ബിസിനസ്** എന്നവിഷയത്തെക്കുറിച്ച് ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം ബുക്ക് ചെയുന്ന 25 പേർക്ക് മാത്രമാണ് അവസരം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447796219, 8891980465, 8089510367 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

7. 2026-27 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ തൊഴിലാളികളുടെ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് (എഫ് ഐ എം എസ്) ഐഡന്റിഫിക്കേഷൻ നമ്പർ ലഭിച്ചിട്ടുള്ളതും ലൈഫ് ഭവന പദ്ധതി മുഖേനയോ, സർക്കാരിന്റെ മറ്റേതെങ്കിലും ഭവന പുനരുദ്ധാരണ/പുനർ നിർമ്മാണ പദ്ധതി മുഖേനയോ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിക്കാത്തതുമായ മത്സ്യത്തൊഴിലാളികൾക്കും പെൻഷണർമാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ് . വീടിന് കുറഞ്ഞത് എട്ട് വർഷത്തെ എങ്കിലും കാലപ്പഴക്കമുണ്ടാകണം. അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ആഗസ്റ്റ് 31 വൈകുന്നേരം അഞ്ച് മണിക്കകം മത്സ്യഭവനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി 0477-2251103 എന്ന ഫോൺ ബന്ധപ്പെടുക.